# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 876 11.03.2015 - ൽ മറുപടിക്ക്

### മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ആർ.രാജേഷ് | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര മണ്ഡലത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ കേരള വാട്ടർ അതോറിറ്റി, കല്ലട ഇറിഗേഷൻ പ്രോജക്ട്, പമ്പ ഇറിഗേഷൻ പ്രോജക്ട് എന്നിവ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പുതിയ പദ്ധതികൾ ആരംഭിക്കുമോയെന്ന് വിശദമാക്കുമോ; | (എ) മാവേലിക്കര മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി വഴി ജലവിതരണം നടത്തുന്ന മേഖലകളിൽ വാൽവുകൾ ക്രമീകരിച്ചും ജലസംഭരണികൾ നിറച്ച് തുറന്ന് വിട്ടും അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തിയും ജലവിതരണം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാവേലിക്കര മണ്ഡലത്തിലെ കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ ഭൂരിഭാഗം കനാലുകളിലും വെള്ളം എത്തിച്ചിട്ടുണ്ട്. ജലവിതരണം തുടർന്ന് കൊണ്ടിരിക്കുന്നു. പമ്പ ജലസേചന പദ്ധതിയുടെ 2014-15 വർഷത്തെ ജലസേചനം 2014 ഡിസംബർ 27 മുതൽ മാവേലിക്കര പ്രദേശത്ത് ആരംഭിച്ചു. തഴക്കര, വെട്ടിയാർ, കണ്ണമംഗലം, മാവേലിക്കര, പെരിങ്ങല തുടങ്ങിയ ബ്രാഞ്ച് കനാലുകളിലൂടെ കൃഷി ഓഫീസർമാരുടെയും കർഷകരുടെയും ആവശ്യപ്രകാരം 2015 ഫെബ്രുവരി 28 വരെ ജലസേചനം നടത്തി. ഇതുമൂലം കുടിവെള്ളക്ഷാമം ഒരു പരിധി വരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ കൊയ്ത്തു സീസൺ ആയതിനാൽ താൽക്കാലികമായി ജലവിതരണം നിർത്തി വച്ചിരിക്കുകയാണ്. |

| | |
|---|---|
| (ബി) തഴക്കര ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്ന മെഗാ കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇത് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) തഴക്കര ഗ്രാമപഞ്ചായത്തിൽ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ശുദ്ധീകരണശാലയുടെ സ്ഥലം ഏറ്റെടുക്കുന്നതിനായി പഞ്ചായത്തിന്റെ ആവശ്യ പ്രകാരം ഒരു പ്രാരംഭ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്തിന് നൽകിയിട്ടുണ്ട്. മറ്റ് യാതൊരു വിധ അംഗീകാരവും ഈ പദ്ധതിക്കുവേണ്ടി ലഭിച്ചിട്ടില്ല. |
| (സി) സ്ഥലമേറ്റെടുപ്പിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) സ്ഥലമെടുപ്പ് സംബന്ധിച്ച നടപടികൾ കൈക്കൊള്ളേണ്ടത് തഴക്കര പഞ്ചായത്താണ്. |

സെക്ഷൻ ഓഫീസർ